**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **12.05.2017-ൽ മറുപടിക്ക്**

**ചോദ്യം നം. 377**

## ആഴക്കടൽ മത്സ്യബന്ധനത്തിന് തൊഴിലാളികൾക്ക് പരിശീലനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി.എസ്. ശിവകുമാർ**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. എം. വിൻസെന്റ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് "സോഫിസ്റ്റിക്കേറ്റഡ് ഫിഷിംഗ് ഗിയർ അക്സസറീസ് ഫോർ ഡീപ് സീ ഫിഷിംഗ് " എന്ന പദ്ധതി നടപ്പാക്കുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന ആർട്ടിഫിഷ്യൽ ബേയ്റ്റ്, ജിഗ്ഗ്, ജപ്പാനീസ് ഡൈവിംഗ് ബോർഡ്, ബാരാസ്പൂൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കൂടാതെ ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമായ യാനങ്ങൾ ലഭ്യമാക്കുന്നതിനും, ആഴക്കടൽ മത്സ്യബന്ധന പരിശീലനത്തിനുമായി 2016 – 17 ൽ 1575 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്രസർക്കാരിലേയ്ക്ക് അനുമതിക്കായി നൽകിയിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല. നടപ്പ് വർഷം ടി പദ്ധതി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് വീണ്ടും സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | തൊഴിലാളികളെ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പരിശീലനം നല്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിവരിക്കുമോ; | (ബി) | പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിക്കായി സമർപ്പിച്ച മേൽ സൂചിപ്പിച്ച പദ്ധതിയിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് സിഫ്നെറ്റ്, എഫ്.എസ്.ഐ എന്നീ ഏജൻസികൾ വഴി ആഴക്കടൽ മത്സ്യബന്ധന പരിശീലനം നൽകുന്നതിന് പ്രത്യേകമായ ഘടകം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചില്ല. |
| (സി) | പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) | ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയിൽ ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന ആർട്ടിഫിഷ്യൽ ബേയ്റ്റ്, ജിഗ്ഗ്, ബാരാസ്പൂൺ, ഡൈവിംഗ് ബോർഡ് തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ